# ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം

(ഹാജർ; എൻ.പത്മകുമാർ,ഐ.എ.എസ്)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം – ഗ്രാമവികസന വകുപ്പിലെ ഡ്രൈവർ തസ്തികയിലെ കേഡർ സ്ട്രെംഗ്ത് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ ; 10878/എസ്റ്റാ.സി1/19/സി.ആർ.ഡി തിയതി; 26/10/2019**

പരാമർശം:- 1. സ.ഉ (എം.എസ്) നം.42/88/പി&എ.ആർ.ഡി തിയതി 08.08.1988.
2. സ.ഉ (എം.എസ്) നം.13/92/ആർ.ഡി.ഡി തിയതി 01.08.1992.
3.. സ.ഉ (എം.എസ്) നം.7/1993/ആർ.ഡി.ഡി തിയതി 23.06.1993.
4. സ.ഉ (എം.എസ്) നം.267/2013/(162)/ഫിൻ തിയതി 03.06.2013.
5. സ.ഉ (എം.എസ്) നം.23/1993/ആർ.ഡി.ഡി തിയതി 30.11.1993
6. സ.ഉ (ആർ.റ്റി) നം.487/1997/ആർ.ഡി.ഡി തിയതി 11.09.1997.
7. ഗ്രാമവികസന വകുപ്പിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ 19.07.2019-ലെ നിവേദനം.

## ഉത്തരവ്

(1). പരാമർശം (2)-ലെയും (3)-ലെയും സർക്കാർ ഉത്തരവുകൾ പ്രകാരം ഗ്രാമവികസന വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ തസ്തികകളുടെ എണ്ണം താഴെ പട്ടികയിൽ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | തസ്തിക അനുവദിച്ചിട്ടുള്ള ഓഫീസുകൾ | തസ്തികകളുടെ എണ്ണം | ആകെ ഓഫീസുകൾ | അനുവദിക്കപ്പെട്ട ആകെ തസ്തികകൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകൾ | 1 വീതം | 152 | 152 | |
| 2 | വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര | 1 | 1 | 1 | |
| 3 | വികസന പരിശീലന കേന്ദ്രം, മണ്ണുത്തി | 2 | 1 | 2 | |
| 4 | വികസന പരിശീലന കേന്ദ്രം, തളിപ്പറമ്പ് | 1 | 1 | 1 | |
| 5 | ഫുഡ് പ്രോസസിംഗ് & ന്യൂട്രീഷ്യൻ സെന്റർ, ബാലുശ്ശേരി | 1 | 1 | 1 | |
| 6 | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ ഓഫീസുകൾ) | 1 | 14 | 14 | |
| 7 | ഫംഗ്ഷണൽ ലിറ്ററസി പ്രോഗ്രാം ഓഫീസുകൾ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ) | 1 | 11 | 11 | |
| 8 | ഗ്രാമവികസന കമ്മീഷണറേറ്റ് | 9 | 1 | 9 | |
| 9 | ഡിസ്ട്രിക്ട് റൂറൽ ഡവലപ്മെന്റ് ഏജൻസികൾ | 2 വീതം | 14 | 28 | |
| | അനുവദിക്കപ്പെട്ട ആകെ തസ്തികകൾ | | | 219 (ഇരുന്നൂറ്റി പത്തൊൻപത്) | |

മേൽ പട്ടിക പ്രകാരമുള്ള 219 (ഇരുന്നൂറ്റി പത്തൊൻപത്) തസ്തികകൾക്ക് പുറമെ, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, പുതിയ വാഹനം അനുവദിച്ച അവസരത്തിൽ താഴെപ്പറയുന്ന ഓഫീസുകളിൽ ഓരോ ഡ്രൈവർ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | റൂറൽ ഇൻഫർമേഷൻ ബ്യൂറോ | - | 1 (ഒന്ന്) |
| 2. | വികസന പരിശീലന കേന്ദ്രം, തളിപ്പറമ്പ് | - | 1 (ഒന്ന്) |
| | ആകെ | | 2 (രണ്ട്) |

ഇപ്രകാരമുള്ള 221 (ഇരുന്നൂറ്റി ഇരുപത്തിയൊന്ന്) തസ്തികകൾക്ക് (219 + 2) പുറമെ പരാമർശം (5) പ്രകാരം താഴെപ്പറയുന്ന ഓഫീസുകളിൽ ഓരോ ഡ്രൈവർ തസ്തികകൾകൂടി അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര | - | 1 (ഒന്ന്) |
| 2. | ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്യൂപ്മെന്റ് ഓർഗനൈസേഷൻ, മൂവാറ്റുപുഴ | - | 1 (ഒന്ന്) |
| | ആകെ | | 2 (രണ്ട്) |

ഇപ്രകാരം ഗ്രാമവികസന വകുപ്പിൽ വിവിധ ഉത്തരവുകൾ പ്രകാരം 223 (ഇരുന്നൂറ്റി ഇരുപത്തിമൂന്ന്) ഡ്രൈവർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ, ഫംഗ്ഷണൽ ലിറ്ററസി പ്രോഗ്രാം ഓഫീസുകളിലേയ്ക്ക് അനുവദിച്ചിരുന്ന 11 (പതിനൊന്ന്) ഡ്രൈവർ തസ്തികകൾ അതാത് ജില്ലകളിലെ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസുകളിലേയ്ക്ക് മാറ്റുകയും നിലവിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്) ഓഫീസുകളിൽ നിയമിച്ചിട്ടുള്ളതുമാണ്.

പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡ്രൈവർ തസ്തികകയിലെ ജീവനക്കാർക്ക് 1:1:1 അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച അവസരത്തിൽ ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ എണ്ണം 179 (നൂറ്റി എഴുപത്തിയൊൻപത്) എന്നാണ് കണക്കാക്കിയിരുന്നത് .

ഈ സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിലെ ഡ്രൈവർ തസ്തികയിലെ കേഡർ സ്ട്രെംഗ്ത് 223 (ഇരുന്നൂറ്റി ഇരുപത്തിമൂന്ന്) ആയി നിശ്ചയിച്ച് ഉത്തരവാകുന്നു.

(2). പ്രസ്തുത കേഡർ സ്ട്രെംഗ്ത് പ്രകാരം ഡ്രൈവർ (ഗ്രേഡ്- **II**) , ഡ്രൈവർ (ഗ്രേഡ്- **I**), ഡ്രൈവർ (സീനിയർ ഗ്രേഡ് ) തസ്തികകളുടെ എണ്ണം 1:1:1 അനുപാതത്തിൽ താഴെപ്പറയും പ്രകാരം ക്രമപ്പെടുത്തി ഉത്തരവാകുന്നു.

| | | |
|---|---|---|
| ഡ്രൈവർ (ഗ്രേഡ്- **II**) | - | 75 (എഴുപത്തിയഞ്ച്) എണ്ണം |
| ഡ്രൈവർ (ഗ്രേഡ്- **I**) | - | 74 (എഴുപത്തിനാല്) എണ്ണം |
| ഡ്രൈവർ (സീനിയർ ഗ്രേഡ് ) | - | 74 (എഴുപത്തിനാല്) എണ്ണം |

ആകെയുള്ള 74 (എഴുപത്തിനാല്) സീനിയർ ഗ്രേഡ് ഡ്രൈവർമാരിൽ ഏറ്റവും സീനിയറായ 10% പേർക്ക്, അതായത് 7 (ഏഴ്) പേർക്ക് സെലക്ഷൻ ഗ്രേഡ്-ലേയ്ക്ക് റേഷ്യോ പ്രൊമോഷന് അർഹതയുണ്ടായിരിക്കും. പരാമർശം (4)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1:1:1 അനുപാതത്തിൽ ഗ്രാമവികസന വകുപ്പിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുനഃപരിശോധിക്കേണ്ടതും കേഡർ സ്ട്രെംഗ്തിന് ആനുപാതികമായി റേഷ്യോ പ്രൊമോഷൻ അനുവദിക്കേണ്ടതുമാണ്.

(3). ഡ്രൈവർ തസ്തികയിലെ നിയമനങ്ങൾ ജില്ലാടിസ്ഥാനത്തിലാണ് നടത്തിവരുന്നതെങ്കിലും, ജില്ലകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ഡ്രൈവർ തസ്തികയിലെ 1:1:1 അനുപാതം ജില്ലാടിസ്ഥാനത്തിൽ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ ഡ്രൈവർ തസ്തികയിലെ റേഷ്യോ 1:1:1 അനുപാതത്തിൽ താഴെചേർത്തിട്ടുള്ള പട്ടിക പ്രകാരം ജില്ലാടിസ്ഥാനത്തിൽ നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല/ഓഫീസ് | തസ്തികകളുടെ എണ്ണം | | | | റിമാർക്സ് |
|---|---|---|---|---|---|---|
| | | ഗ്രേഡ്-II | ഗ്രേഡ് -I | സീനിയർ ഗ്രേഡ് & സെലക്ഷൻ ഗ്രേഡ് | ആകെ | |
| 1 | തിരുവനന്തപുരം | 5 | 5 | 5 | 15 | ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള 2 (രണ്ട്) തസ്തികകൾ ഉൾപ്പെടെ |
| 2 | കൊല്ലം | 5 | 6 | 6 | 17 | |
| 3 | പത്തനംതിട്ട | 3 | 4 | 4 | 11 | |
| 4 | ആലപ്പുഴ | 5 | 6 | 5 | 16 | |
| 5 | കോട്ടയം | 5 | 5 | 4 | 14 | |
| 6 | ഇടുക്കി | 4 | 4 | 4 | 12 | |
| 7 | എറണാകുളം | 7 | 6 | 6 | 19 | |
| 8 | തൃശ്ശൂർ | 8 | 7 | 7 | 22 | |
| 9 | പാലക്കാട് | 6 | 5 | 6 | 17 | |
| 10 | മലപ്പുറം | 6 | 6 | 7 | 19 | |
| 11 | കോഴിക്കോട് | 5 | 6 | 5 | 16 | |
| 12 | വയനാട് | 3 | 3 | 2 | 8 | |
| 13 | കണ്ണൂർ | 6 | 5 | 6 | 17 | |
| 14 | കാസർഗോഡ് | 4 | 3 | 3 | 10 | |
| 15 | ഗ്രാമവികസന കമ്മീഷണറേറ്റ് & ആർ.ഐ.ബി | 3 | 3 | 4 | 10 | |
| | ആകെ | 75 | 74 | 74 | 223 | |

ഡ്രൈവർ (ഗ്രേഡ്-II) തസ്തികയുടെ നിയമനാധികാരികളായ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ, മേൽ പട്ടിക പ്രകാരം അതാത് ജില്ലകളിലെ ഡ്രൈവർ

(ഗ്രേഡ്-**II**) തസ്തികയുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. ഓരോ ജില്ലകളിലേയും നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ഡ്രൈവർ (ഗ്രേഡ്-**II**) വിഭാഗത്തിലെ ജീവനക്കാർ നിലവിലുള്ള ജില്ലകളിലെ നിയമനാധികാരികൾ, പ്രസ്തുത തസ്തികകളിലെ ജീവനക്കാരുടെ എണ്ണം മേൽപ്പട്ടിക പ്രകാരം ക്രമപ്പെടുത്തുന്നതുവരെ, ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ ഗ്രാമവികസന കമ്മീഷണറേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം മാത്രം നിയമനം നടത്തേണ്ടതുമാണ്.

(4). പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം 14 ജില്ലകളിലെയും ഡിസ്ട്രിക്ട് റൂറൽ ഡവലപ്മെന്റ് ഏജൻസി(ഡി.ആർ.ഡി.എ) കളിൽ (നിലവിൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം (പി.എ.യു) 2 (രണ്ട്) വീതം (ആകെ-28 (ഇരുപത്തിയെട്ട്)) തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിൽ പി.എസ്.സി മുഖേന നിയമിച്ചിട്ടുള്ള ഡ്രൈവർമാരുടെ നിലവിലുള്ള എണ്ണം താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ജില്ല | നിലവിലെ ഡ്രൈവർമാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1. | തിരുവനന്തപുരം | 0 | |
| 2 | കൊല്ലം | 1 | |
| 3 | പത്തനംതിട്ട | 2 | |
| 4 | ആലപ്പുഴ | 2 | |
| 5 | കോട്ടയം | 1 | |
| 6 | ഇടുക്കി | 3 | |
| 7 | എറണാകുളം | 2 | |
| 8 | തൃശ്ശൂർ | 3 | |
| 9 | പാലക്കാട് | 3 | |
| 10 | മലപ്പുറം | 2 | |
| 11 | കോഴിക്കോട് | 3 | |
| 12 | വയനാട് | 2 | |
| 13 | കണ്ണൂർ | 2 | |
| 14 | കാസർഗോഡ് | 1 | |
| | ആകെ | 27 (ഇരുപത്തിയേഴ് ) | |

അനുവദിക്കപ്പെട്ട തസ്തികകൾ 2 (രണ്ട്) വീതമാണെങ്കിലും ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ഓരോ ഡ്രൈവർമാർ അധികമായും കൊല്ലം, കോട്ടയം, കാസർഗോഡ് ജില്ലകളിൽ ഓരോ ഡ്രൈവർമാരും തിരുവനന്തപുരം ജില്ലയിൽ 2 (രണ്ട്) ഡ്രൈവർമാരുടെ കുറവും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിൽ ഭാവിയിലുണ്ടാവുന്ന ഒഴിവുകളിലേയ്ക്ക് ഗ്രാമവികസന കമ്മീഷണറുടെ നിർദ്ദേശ പ്രകാരം മാത്രം നിയമനം നടത്തേണ്ടതാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

To

എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും

പകർപ്പ്;-

1. എല്ലാ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കും
2. പ്രിൻസിപ്പാൾ, ഇ.റ്റി.സി, കൊട്ടാരക്കര/മണ്ണുത്തി/തളിപ്പറമ്പ്,
3. എല്ലാ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

28/10/19

ജൂനിയർ സൂപ്രണ്ട്